# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

*നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.529 - 10/03/2015 - ലെ മറുപടിക്ക്*

## കേരളത്തിന്റെ കടബാദ്ധ്യത - റവന്യൂ വരുമാന അനുപാതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പ്രദീപ്കുമാർ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിന്റെ കടബാധ്യത - റവന്യൂ വരുമാന അനുപാതം അഖിലേന്ത്യാ ശരാശരിയേക്കാൾ എത്ര ശതമാനം കൂടുതലാണെന്ന് വ്യക്തമാക്കാമോ ; | 2010-11 ലെ കണക്കനുസരിച്ച് കേരളത്തിന്റെ കടബാധ്യത - റവന്യൂ വരുമാന അനുപാതം അഖിലേന്ത്യാ ശരാശരിയേക്കാൾ 52.56 % കൂടുതലാണ്. |
| (ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക ആസ്തിയുടെ എത്ര ശതമാനം സാമ്പത്തിക ബാധ്യതയുണ്ട്; | 2012-13 ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ബാദ്ധ്യത സാമ്പത്തിക ആസ്തിയുടെ 248 % ആണ്. |
| (സി) കട ബാധ്യതയാൽ ഞെരുക്കപ്പെടുന്ന (debt stressed) സംസ്ഥാനമായിട്ടാണോ ഇപ്പോൾ കേരളം പരിഗണിക്കപ്പെടുന്നത് ; | പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ മാനദണ്ഡമനുസരിച്ച് കടബാദ്ധ്യത- ജിഎസ്ഡിപി അനുപാതം 35 % ലേറെയും പലിശ -റവന്യൂ വരുമാന അനുപാതം 22 % ലേറെയും കടബാദ്ധ്യത (ഗ്യാരണ്ടി ഉൾപ്പെടെ) -റവന്യൂ വരുമാന അനുപാതം 300% ൽ അധികമുള്ള സംസ്ഥാനങ്ങളെയാണ് debt stressed ആയി കണക്കാക്കുന്നത്. ഇത് അനുസരിച്ച് 2012-13 ലെ യഥാർത്ഥ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം debt stressed ആയി കണക്കാക്കുവാൻ കഴിയുകയില്ല. എന്നിരുന്നാലും 14-ാം ധനകാര്യ കമ്മീഷൻ റവന്യൂകമ്മിയുള്ള സംസ്ഥാനങ്ങളുടെ ഗണത്തിലാണ് കേരളത്തേയും ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | |
|---|---|
| (ഡി) സാമ്പത്തിക ക്രമീകരണത്തിന്റെ ലക്ഷ്യങ്ങളിൽ നിന്നും കേരളം ഇത്രയധികം വ്യതിചലിച്ചു പോകുവാനുള്ള കാരണങ്ങൾ വിശദമാക്കുമോ ; | ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും Tax - GSDP വളർച്ച നിരക്കിലുള്ള കുറവും കേന്ദ്രവിഹിതത്തിലുള്ള ഗണ്യമായ കുറവും കാരണമാണ് ധന ഉത്തരവാദിത്വ നിയമത്തിൽ അനുശാസിക്കുന്ന സാമ്പത്തിക ദ്രഢീകരണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ (Debt - GSDP ഒഴികെ) നേടാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. |

സെക്ഷൻ ഓഫീസർ